(സി) ഉണ്ട്.

(ഡി) നിലവിൽ 1955-ലെ അവശ്യ സാധന നിയമപ്രകാരം ഉള്ള അധികാരങ്ങളും ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരങ്ങളും ഉപയോഗിച്ചാണ് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നത്.

(ഇ) നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ 7246 പരിശോധനകൾ നടത്തിയിട്ടുണ്ട്.

പഴം-പച്ചക്കറി സംഭരണവും സംസ്കരണവും

228 (1312) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ ഇലഞ്ഞിയിൽ പഴം-പച്ചക്കറി ശീതീകരണ സംസ്കരണശാല APEDA-യുടെ സാമ്പത്തിക സഹായത്തിൽ നിർമ്മാണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1250 ടൺ ശീതീകരണ ഗോഡൗണും പ്രതിദിനം 2 ടൺ ശേഷിയുള്ള ഡീഹൈഡ്രേഷൻ പ്ലാന്റും നിർമ്മിക്കാൻ ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം 125 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 185 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ APEDA എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ സാമ്പത്തിക സഹായവുമുണ്ട്.

പുതിയ റേഷൻ കാർഡ്

229 (1313) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുടമകൾക്ക് പുതിയ കാർഡ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അതിന്റെ ഇപ്പോഴത്തെ സ്ഥിതിയും എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്ന കാര്യത്തിൽ ധാരാളം അടിസ്ഥാന പിശകുകൾ കടന്നു കൂടിയിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിന് ഉത്തരവാദികൾ ആരാണെന്നും പ്രസ്തുത പിശകുകൾ പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി. വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും തിരുത്തലുകൾ രേഖപ്പെടുത്തി വാങ്ങി തെറ്റുകൾ തിരുത്തുന്ന നടപടി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly